ഉത്തരം

(എ &ബി) കലാകാര പെൻഷൻ അനുവദിക്കുന്നതിനായി 2013-ലും 2014 -ലും ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 9-3-2015-ലെ സ.ഉ.(കൈ) 6/2015/ സാ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ഇ. കെ. കുഞ്ഞുകുഞ്ഞിന് കലാകാര പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. 2015 മാർച്ച് മാസം മുതൽ എല്ലാ മാസവും പെൻഷൻ തുക കോട്ടയം ജില്ലയിലെ കടുത്തുരുത്തി പോസ്റ്റ് ഓഫീസിലെ അക്കൗണ്ടിലേക്ക് (A/c No.66556) ക്രെഡിറ്റ് ചെയ്തുവരികയും ചെയ്യുന്നു.

**മഹാകവി കുമാരനാശാൻ സ്മാരക ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണ പ്രവർത്തനം**

**77 (4112)** ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും തദ്ദേശസ്വയംഭരണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയപൈതൃക സ്മാരകങ്ങളുടെ പട്ടികയിലുൾപ്പെടുത്തി മഹാകവി കുമാരനാശാൻ സ്മാരക ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2012 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ബഡ്ജറ്റിൽ നീക്കിവച്ച തുകയെത്ര ; ചെലവഴിച്ചതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതി ഇനത്തിൽ 2012-13 ൽ 35 ലക്ഷം രൂപയും 2013-14-ൽ മുപ്പത്തിയെട്ട് ലക്ഷം രൂപയും 2014-15 ൽ ഒരു ലക്ഷം രൂപയും ദേശീയ സാംസ്കാരിക പൈതൃക മ്യൂസിയം, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ തുടങ്ങിയവയുടെ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ, ധനകാര്യ, വിജിലൻസ് വകുപ്പുകൾ കുമാരനാശാൻ സ്മാരകത്തിൽ നടത്തിയ പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കൂടാതെ സ്മാരകത്തിന്റെ വികസന പദ്ധതികൾക്കായി മുൻവർഷങ്ങളിൽ അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ലാത്തതും വികസന പദ്ധതികൾക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ 1-4-2012 മുതൽ 31-3-2015 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് അനുവദിച്ചിരുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly